പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1389 — 03.10.2016 ൽ മറുപടിയ്ക്ക്

## വാട്ടർ മെട്രോ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. വി.ഡി.സതീശൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. എൽദോസ് കുന്നപ്പിള്ളി

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാട്ടർ മെട്രോ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2016 ജൂലൈ 23-ാം തീയതി കോതാട് ദ്വീപിൽവെച്ച് വാട്ടർ മെട്രോയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | പശ്ചിമ കൊച്ചിയേയും സമീപ ദ്വീപുകളേയും കേരളത്തിന്റെ ഐ.റ്റി ഹബ്ബായ കാക്കനാടിനേയും എറണാകുളത്തെ നഗര പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന, ചെലവ് കുറഞ്ഞതും, സുരക്ഷിതവും താരതമ്യേന വേഗമേറിയതുമായ ജലഗതാഗത പദ്ധതിയാണ് 'വാട്ടർ മെട്രോ'. ജനങ്ങളെ അവരുടെ സ്വന്തം വാഹനങ്ങളിൽ നിന്നും പൊതുഗതാഗത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിലൂടെ റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും പരിസ്ഥിതി ശബ്ദ മലിനീകരണത്തിന് കുറവു വരുത്തുന്നതിനും പദ്ധതി ലക്ഷ്യം വെയ്ക്കുന്നു. കൂടാതെ, കൊച്ചി കായലിലെ ദ്വീപു നിവാസികളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനവും പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | എത്ര വാട്ടർജെട്ടികളെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്; | (സി) | 38 വാട്ടർ ജെട്ടികൾ സംയോജിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | 4 വർഷം കൊണ്ട് പൂർത്തീകരിക്കുന്ന പദ്ധതി 2020-ഓടെ പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ